ഏവമേവ മഹാരൌരവോ യത്ര നിപതിതം പുരുഷം ക്രവ്യാദാ
നാമ രുരവസ്തം ക്രവ്യേണ ഘാതയന്തി യ: കേവലം ദേഹംഭര: **(5–26–12)**

സൃഷ്ടിയുടെ നാനാത്വത്തെപ്പറ്റിയും നരകങ്ങളെപ്പറ്റിയും രാജാവ് ചോദിച്ചതിനുത്തരമായി ശുകമുനി പറഞ്ഞു: നരകങ്ങൾ ഈ വിശ്വത്തിൽ തന്നെയാണുള്ളത്. തെക്കേ അറ്റത്ത്. അവിടെയാണ് കാലത്തിൻേറയും മരണത്തിൻേറയും അധിദേവതയായ യമൻ വാഴുന്നത്. സൂര്യപുത്രനാണദ്ദേഹം. ജീവനെ അദ്ദേഹത്തിൻെറ മുന്നിൽ കൊണ്ടുവരുമ്പോൾ തൻെറ ദിവ്യനിയമങ്ങളനുസരിച്ച് യമൻ തക്കതായ ശിക്ഷാവിധികൾ കൽപ്പിച്ചു നടപ്പാക്കുന്നു. ഈ ശിക്ഷകൾക്കായി ഇരുപത്തെട്ടുതരം നരകങ്ങൾ ഉണ്ട്.

മറ്റൊരുവൻെറ സ്വത്തോ, ഭാര്യയേയോ കുട്ടികളേയൊ മോഷ്ടിച്ചവന് താമിശ്രമെന്ന നരകത്തിലാണ് വാസം. മറ്റൊരുവനെ വഞ്ചിക്കുകയോ പരഭാര്യയെ അനുഭവിക്കുകയോ ചെയ്തവനെ അന്ധതാമിശ്രമെന്ന നരകത്തിൽ തള്ളുന്നു. വഞ്ചകൻെറ ഹൃദയം പോലെ അവിടെ അന്ധതയും ഇരുട്ടുമത്രെ.

സ്വന്തം ഭാര്യയോടും കുട്ടികളോടുമുള്ള അമിതമായ സ്നേഹത്താൽ മറ്റുള്ളവരെ വെറുപ്പിച്ചും വഞ്ചിച്ചും കുടുംബത്തെ പോറ്റുന്നവന് രൗരവം എന്ന നരകം. അവിടെ പാമ്പുകളേക്കാൾ ഭയാനകമായ ജീവികൾ അവനെ പീഢിപ്പിക്കുന്നു. മഹാരൗരവം എന്ന നരകത്തിൽ നരഭോജികളായ ക്രവ്യാദങ്ങളുണ്ട്. സ്വാർത്ഥതയോടെ സ്വന്തം ശരീരത്തിന് വേണ്ടി മാത്രം ജീവിച്ചവർക്കുള്ള നരകമാണിത്. പക്ഷികളേയും മൃഗങ്ങളേയും ജീവനോടെ ചുട്ടുകൊന്നവരെ കുംഭീപാകം എന്ന നരകത്തിൽ യമഭടന്മാർ എണ്ണയിൽ വറുക്കുന്നു. അച്ഛനേയോ മഹാത്മാക്കളേയൊ ധിക്കരിച്ച് വെറുത്തു ജീവിച്ചവരെ കാലസൂത്രം എന്ന നരകത്തിൽ ചുട്ടുപഴുത്ത ചെമ്പുതകിടിൽ യമഭടന്മാർ കിടത്തുന്നു.

സ്വധർമ്മങ്ങളേയും ആചാരങ്ങളേയും ധിക്കരിച്ച് പരധർമ്മം സ്വീകരിക്കുന്നവരെ അസിപത്രവനം എന്ന നരകത്തിൽ തള്ളുന്നു. ഇവിടുത്തെ മരങ്ങളിൽ നിന്നു വീഴുന്ന ഇലകൾ മൂർച്ചയുള്ള വാളുകളത്രേ. അവിടെ ഓടിരക്ഷപ്പെടാൻ നോക്കുന്നവരെ യമഭടന്മാർ ചാട്ടവാറുകൊണ്ടടിക്കുന്നു. നിരപരാധികളെ പീഢിപ്പിക്കുകയോ ശിക്ഷിക്കുകയോ ചെയ്ത ഉദ്യോഗസ്ഥന്മാരേയും രാജാക്കന്മാരേയും സൂകരമുഖം എന്ന നരകത്തിൽ കൊണ്ടുപോയി ശക്തിയേറിയ കരങ്ങളാൽ അവരുടെ കൈകാലുകൾ ഞെരിച്ചുടയ്ക്കുന്നു.

അറിഞ്ഞുകൊണ്ട് മറ്റുള്ളവരിൽ വേദനയുണ്ടാക്കുന്നവനെ അന്ധകൂപമെന്ന നരകത്തിൽ തള്ളുന്നു. അവിടെ അവനാൽ പീഢിക്കപ്പെട്ടവർ അവന് നിരന്തര പീഢനങ്ങൾ നൽകുന്നു. അവനെ ഉറങ്ങാനോ വിശ്രമിക്കാനോ അനുവദിക്കില്ല. ഏതൊരുവൻ തനിക്കു കിട്ടുന്നതൊക്കെ മറ്റുള്ളവർക്ക് കൊടുക്കാതെ അനുഭവിക്കുന്നുവോ അവൻ ഏറ്റവും കഠിനമായ ക്രിമിഭോജനനരകത്തിൽ പതിക്കുന്നു. അവിടെ ക്രിമികീടങ്ങൾ അവനെ തിന്നുന്നു. മഹാത്മാക്കളെ കൊള്ളയടിക്കുന്നവന് (അത്യാവശ്യ സന്ദർഭമൊഴിച്ച്) സന്താംശം എന്ന നരകത്തിൽ ചുട്ടുപഴുത്ത ലോഹഗോളങ്ങളാൽ ശിക്ഷ ലഭിക്കുന്നു. അവിഹിതലൈംഗികവേഴ്ച്ചയിൽ ഏർപ്പെട്ട സ്ത്രീക്കും പുരുഷനും ചുട്ടുപഴുത്ത ലോഹബിംബത്തെ പുൽകുവാനിടവരുത്തുന്നു. താപസൂർമി എന്ന നരകത്തിൽ കമിതാവിൻെറ ലോഹബിംബം തയ്യാറായിരിപ്പുണ്ട്. വിവേകരഹിതമായ ലൈംഗികബന്ധങ്ങളിലേർപ്പെട്ടവരെ കാത്ത് വജ്രകണ്ഡകഷാൽമലി എന്ന നരകത്തിൽ നിറയെ മുള്ളുകളുള്ള പട്ടുപഞ്ഞിമരം തയ്യാറായിരിപ്പുണ്ട്.